മത്സ്യമാർക്കറ്റുകളുടെ നവീകരണം

230 (1988) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര മത്സ്യമാർക്കറ്റുകളുടെ നവീകരണം പൂർത്തിയാക്കിയിട്ടുണ്ട് ; അവ ഏതെല്ലാമാണ് :

(ബി) കൊട്ടാരക്കര മത്സ്യമാർക്കറ്റിന്റെ നവീകരണത്തിനായി കൊട്ടാരക്കര ഗ്രാമപഞ്ചായത്ത് ഫിഷറീസ് ഡയറക്ടറേറ്റിൽ പ്രൊപ്പോസൽ സമർപ്പിച്ചത് എന്നാണ് :

(സി) അതിൽ എടുത്ത തുടർനടപടി വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 20 മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം/നവീകരണം പൂർത്തിയാക്കിയിട്ടുണ്ട്. അത് താഴെപ്പറയും പ്രകാരമാണ്.

നമ്പർ	ജില്ല	എണ്ണം	മത്സ്യമാർക്കറ്റുകളുടെ എണ്ണം
(1)	(2)	(3)	(4)
1	തിരുവനന്തപുരം	2	പേട്ട നെയ്യാറ്റിൻകര
2	കൊല്ലം	1	പോളയത്തോട്
3	ആലപ്പുഴ	2	കാർത്തികപ്പള്ളി/കായംകുളം ചേർത്തല
4	പത്തനംതിട്ട	2	എളംകുളം
5	എറണാകുളം	4	ഇലവന്തിട്ട ഞാറയ്ക്കൽ വരാപ്പുഴ ആലുവ പോളക്കണ്ടം
6	തൃശ്ശൂർ	3	ശക്തൻതമ്പുരാൻ ചെറുതുരുത്തി കൊടുങ്ങല്ലൂർ
7	മലപ്പുറം	3	പെരിന്തൽമണ്ണ പരപ്പനങ്ങാടി പൊന്നാനി

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)		(3)
8	കോഴിക്കോട്	1	എടച്ചേരി
9	കാസർഗോഡ്	1	ഉദുമ
10	കോട്ടയം	1	വൈക്കം
	ആകെ	20	

(ബി) ഇതു സംബന്ധിച്ച ഒരു കത്തു ലഭിച്ചതല്ലാതെ പദ്ധതി നിർദ്ദേശം ലഭിച്ചിട്ടില്ല.

(സി) ബാധകമല്ല

പരവൂർ തെക്കുംഭാഗത്ത് മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കാൻ നടപടി

231 (1969) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ മണ്ഡലത്തിലെ പരവൂർ തെക്കും ഭാഗത്ത് ഒരു മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നത് സംബന്ധിച്ച സാധ്യതാപഠനം നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) മിനി ഫിഷിംഗ് ഹാർബറിന്റെ പണി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) നിരീക്ഷണപഠനം നടത്തിയതിൽ ടി സ്ഥലം പ്രാഥമിക ഇൻവെസ്റ്റിഗേഷനിൽ തന്നെ ഫിഷിംഗ് ഹാർബറിന് ഒട്ടും അനുയോജ്യമല്ലെന്ന് കണ്ടെത്തിയിരുന്നു.

(സി) പരവൂരിനടുത്തു തന്നെ ചില്ലിക്കൽ എന്ന സ്ഥലം ഹാർബർ സ്ഥാപിക്കുന്നതിന് അനുയോജ്യമാണെന്ന് ബോദ്ധ്യപ്പെട്ടതിനാൽ അവിടെ പ്രാഥമിക ഇൻവെസ്റ്റിഗേഷന്റെ ഭാഗമായി ടൈഡൽ ഒബ്സർവേഷൻ നടത്തുകയും ഹൈഡ്രോഗ്രാഫിക് വകുപ്പ് സൗണ്ടിംഗ് എടുക്കുകയും ചെയ്തിട്ടുണ്ട്. ഫിഷിംഗ് ഹാർബറിനുവേണ്ടി ചില്ലിക്കൽ എന്ന സ്ഥലത്ത് ഇൻവെസ്റ്റിഗേഷനും തുടർപഠനങ്ങളും നടത്തി അനുയോജ്യത നിർണ്ണയിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

അർത്തുങ്കൽ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

232 (1990) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല അർത്തുങ്കൽ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എവിടംവരെയായി എന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly